# Deepika

# 19 August 2018

# New Delhi, Kerala Flood, National Disaster



## ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം: രാഹുൽ ഗാന്ധി

**പ്രത്യേക ലേഖകൻ**

**ന്യൂഡൽഹി:** ലക്ഷക്കണക്കിന് ആളുകളെ ബാധിച്ചതും വലിയ നാശം വിതച്ചതുമായ കേരളത്തിലെ പ്രളയക്കെടുതിയെ എത്രയും വേഗം ദേശീയദുരന്തമായി പ്രഖ്യാപിച്ച് സഹായം നൽകണമെന്ന് കോൺഗ്രസ് പ്രസിഡന്റ് രാഹുൽ ഗാന്ധി. പാടേ തകർന്നടിഞ്ഞ കേരളത്തിന് വെറും നൂറു കോടി രൂപ ഇടക്കാലാശ്വാസമായി കഴിഞ്ഞദിവസം പ്രഖ്യാപിച്ചതു വിവേചനമാണെന്നും ബിജെപി, ബിജെപി ഇതര സർക്കാരുകളെന്ന വേർതിരിവ് പ്രധാനമന്ത്രി മോദി അവസാനിപ്പിക്കണമെന്നും എഐസിസി പറഞ്ഞു.

കോൺഗ്രസിന്റെ എല്ലാ എംപിമാരും എംഎൽഎമാരും എംഎൽസിമാരും അവരുടെ ഒരു മാസത്തെ ശമ്പളം കേരളത്തിലെ ദുരിതാശ്വാസത്തിനായി നൽകണമെന്ന് ഇന്നലെ ചേർന്ന കോൺഗ്രസ് നേതൃയോഗം തീരുമാനിച്ചു. രാഹുൽ ഗാന്ധിയും സോണിയ ഗാന്ധിയും അടക്കം ലോക്സഭയിലെയും രാജ്യസഭയിലെയും എംപിമാരും എല്ലാ സംസ്ഥാനങ്ങളിലെ എംഎൽഎമാരും തുക എഐസിസിയിലെ കേരള ദുരിതാശ്വാസ നിധിയിലേക്കു നല്കാനാണു നിർദേശം. കോൺഗ്രസ് ഭരണ സംസ്ഥാന സർക്കാരുകളായ പഞ്ചാബും കർണാടകയും പത്തു കോടി വീതവും പുതുച്ചേരി സർക്കാർ ഒരു കോടിയും നൽകിയതായി എഐസിസി മാധ്യമവിഭാഗം തലവൻ രൺദീപ് സുർജേവാല പറഞ്ഞു.

എഐസിസിയുടെ ആഭിമുഖ്യത്തിലുള്ള പദ്ധതികൾക്കു പുറമേ കേരളത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കണമെന്ന് കോൺഗ്രസ് പ്രവർത്തകരെ നേതൃത്വം ആഹ്വാനം ചെയ്തു. രാഹുൽ ഗാന്ധിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ എഐസിസി ഭാരവാഹികൾ, സംസ്ഥാന പിസിസി പ്രസിഡന്റുമാർ, നിയമസഭാകക്ഷി നേതാക്കൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. കേരളത്തിലെ ദുരന്തം കണക്കിലെടുത്ത് രമേശ് ചെന്നിത്തലയ്ക്കും എം.എം. ഹസനും യോഗത്തിൽ പങ്കെടുക്കുന്നതിൽനിന്ന് അവധി നൽകിയിരുന്നു.

കേരളത്തിനു പുറമേ കർണാടകയിലെ ഉരുൾപൊട്ടലുകളും വെള്ളപ്പൊക്കവും ആശങ്കാജനകമാണെന്ന് എഐസിസി വിലയിരുത്തി. റഫാൽ പോർവിമാന ഇടപാടിലെ വൻ അഴിമതിക്കെതിരേ രാജ്യമാകെ ജനകീയ പ്രക്ഷോഭം സംഘടിപ്പിക്കാനും കോൺഗ്രസ് തീരുമാനിച്ചു.